1B1N25228 (Pages : 2) Reg. No:.......................64

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2025**

**MAL1FA102(1) - മലയാള സാഹിത്യാനുശീലനം**

(FYUGP 2024 Admission onwards )

Time: 1 ½ hours Max. Marks : 50

**PART A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക . ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം (പരമാവധി 16 മാർക്ക്)**

| | | COs | KL | Marks |
|---|---|---|---|---|
| 1 | കലാമണ്ഡലം ഹൈദരലിയുടെ രണ്ട് കൃതികളുടെ പേരെഴുതുക | 1 | 1 | 2 |
| 2 | ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത്? | 1 | 2 | 2 |
| 3 | കുട്ടികൾ കേന്ദ്രകഥാപാത്രമായി വരുന്ന മാധവിക്കുട്ടിയുടെ ഏതെങ്കിലും രണ്ട് കഥകളുടെ പേരെഴുതുക. | 2 | 1 | 2 |
| 4 | ഷോഗോമാൻ ടെലീരിയനെതിരെയുള്ള കോടതി വിധി എന്തായിരുന്നു? | 1 | 2 | 2 |
| 5 | എൻ.പി. മുഹമ്മദിന്റെ ഏതെങ്കിലും രണ്ട് നോവലുകളുടെ പേരെഴുതുക. | 2 | 1 | 2 |
| 6 | കിളിപ്പാട്ട് എന്നാലെന്ത്? | 3 | 2 | 2 |
| 7 | സീത ചിന്താവിഷ്ടയായിരിക്കുന്നത് എവിടെ? | 3 | 2 | 2 |
| 8 | ഇവനെക്കൂടി എന്ന കവിത എഴുതിയതാര്? ഏത് കവിക്കുള്ള അന്ത്യപ്രണാമമാണ് ഈ കവിത? | 3 | 1 | 2 |
| 9 | ഓരോരോ കാലത്തിലും എന്ന നാടകം ഏത് സംഭവത്തെ അടിസ്ഥാനമാക്കി രചിച്ചതാണ്? | 4 | 2 | 2 |
| 10 | നൻപകൽ നേരത്ത് മയക്കം എന്ന സിനിമയുടെ സംവിധാനവും നിർമ്മാണവും നിർവ്വഹിച്ചതാരെല്ലാം? | 5 | 1 | 2 |

## PART B

രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ഓരോന്നിനും 6 മാർക്ക് വീതം (പരമാവധി 24 മാർക്ക് )

| | | COs | KL | Marks |
|---|---|---|---|---|
| 11 | കിഴവനും ക്രാക്കാത്തുവ്വയും എന്ന തലക്കെട്ട് പാഠഭാഗത്തിന് എത്രത്തോളം അനുയോജ്യമാണെന്ന് വിലയിരുത്തുക. | 1 | 4 | 6 |
| 12 | വില്ലുവണ്ടി എന്ന കഥയുടെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക | 2 | 5 | 6 |
| 13 | ചിന്താവിഷ്ടയായ സീത എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക | 3 | 6 | 6 |
| 14 | ചലച്ചിത്രഗാനങ്ങളിൽ സംഭവിച്ച കാലോചിതമായ മാറ്റങ്ങൾ വിശദീകരിക്കുക. | 5 | 4 | 6 |
| 15 | ദൃശ്യകല എന്ന നിലയിൽ സിനിമയും നാടകവും തമ്മിലുള്ള സാമ്യ വ്യത്യാസങ്ങളെന്തെല്ലാം? | 4 | 2, 3 | 6 |

## PART C

ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക്

| | | COs | KL | Marks |
|---|---|---|---|---|
| 16 | 'മനുഷ്യബന്ധത്തിന്റെ സങ്കീർണ്ണതകൾ പ്രകടമാകുന്ന നോവലാണ് ദൈവത്തിന്റെ കണ്ണ്' - ഉപന്യസിക്കുക. | 2 | 6 | 10 |
| 17 | 'യാഥാർത്ഥ്യവും ഫാന്റസിയും കൂടിക്കുഴയുന്ന സിനിമയാണ് നൻപകൽ നേരത്ത് മയക്കം'.- ഈ പ്രസ്താവന എത്രത്തോളം ശരിയാണെന്ന് പരിശോധിക്കുക. | 6 | 6 | 10 |

(65)

1B1N25229 (Pages : 4) Reg. No:.............................

Name: ..............................

FARROOK COLLEGE (AUTONOMOUS). KOZHIKODE

**First Semester B.Sc Degree Examination, November 2025**

**MAL1FA102(2) - മലയാള സാഹിത്യാസ്വാദനം**

(FYUGP 2024 Admission onwards )

Time: 1 ½ hours Max. Marks : 50

**PART A**

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക . ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം (പരമാവധി 16 മാർക്ക്)

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | ജീവിതാഖ്യാനങ്ങളുടെ സവിശേഷതകൾ വിവരിക്കുക. | 1 | U | 2 |
| 2 | വസ്തുതകളോട് ഭാവന കൂടിക്കലരുമ്പോഴാണ് മനോഹരമായ സങ്കല്പനങ്ങൾ രൂപപ്പെടുക. വി. മുസഫർ അഹമ്മദ് തന്റെ യാത്രാവിവരണത്തിൽ ഉപയോഗിക്കുന്ന 'നക്ഷത്രഖബർ' എന്ന ആശയത്തെ മുൻനിർത്തി വിവരിക്കുക. | 1 | U | 2 |
| 3 | 'കരിമ്പുലി' എന്ന ശീർഷകം ആ കഥക്ക് എത്രമാത്രം യോജിക്കുന്നുണ്ട്. വിശദീകരിക്കുക. | 2 | Ap | 2 |
| 4 | മാതൃത്വത്തിന്റെ കഥാകാരിയെന്ന വിശേഷണത്തിൽ പരിമിതപ്പെടുത്തേണ്ട എഴുത്തുകാരിയാണോ ലളിതാംബിക അന്തർജനം? വിശദീകരിക്കുക. | 2 | An | 2 |
| 5 | കവിതയെന്ന സാഹിത്യരൂപത്തെ മറ്റു സാഹിത്യങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുക. | 3 | U | 2 |
| 6 | "കടന്നുപോകയോ പിന്നെക്കടുപ്പമായ് വരുമെന്റെ<br>ഗുരുവാമഞ്ജനാപുത്രൻ കരുത്തേറും കപിശ്രേഷ്ഠൻ<br>ജനിച്ചൊരു കുലംതന്നിൽ ജനിച്ചോരു കുരങ്ങച്ചാ<br>നിനച്ചാൽ നിന്നെ ലംഘിച്ചാലെനിക്കു | 3 | U | 2 |

| | | | | |
|---|---|---|---|---|
| | പാപമുണ്ടാകും"<br><br>-തന്റെ വഴിമുടക്കിയായിക്കിടക്കുന്ന വൃദ്ധവാനരനെ ചാടിക്കടന്നുപോകാത്തതിന്റെ കാരണമായി ഭീമൻ പറയുന്ന കാരണങ്ങൾ എന്തെല്ലാമാണ്? | | | |
| 7 | മഹാഭാരതത്തിലെ ഇരാവാന്റെ ഐതിഹ്യം എന്താണ്? | 4 | U | 2 |
| 8 | സിനിമയെന്ന മാധ്യമത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക. | 4 | U | 2 |
| 9 | മനുഷ്യൻ തെരുവിൽ മരിക്കുന്നു<br>മതങ്ങൾ ചിരിക്കുന്നു<br><br>-വയലാറിന്റെ ഈ വരികൾ എല്ലാക്കാലത്തും പ്രസക്തമാണെന്ന അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. | 4 | Ap | 2 |
| 10 | വൈലോപ്പിള്ളി ശ്രീധരമേനോൻ 'യുഗപരിവർത്തനത്തിന്റെ കവി' എന്ന് വിശേഷണത്തിന് യോഗ്യനാണോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. | 3 | An | 2 |

## PART B

**രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക . ഓരോന്നിനും 6 മാർക്ക് വീതം (പരമാവധി 24 മാർക്ക് )**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | 'സുക്കൂറച്ചൻ കണ്ടുപിടിച്ച കപ്പൽപ്പാര് ഇതിൽ ഇരയില്ലാതെ മീൻപിടിച്ചു തെക്കൻമാര് ' സുക്കൂറച്ചൻ കണ്ടുപിടിച്ച കപ്പൽപ്പാരിനെപ്പറ്റിയുള്ള അറിവുകളിൽനിന്നും കടലിൽ മുങ്ങിപ്പോയ കപ്പലിനെക്കുറിച്ചുള്ള അറിവുകളിലേക്ക് റോബർട്ട് പനിപ്പിള്ള എത്തിച്ചേരുന്നതെങ്ങനെയെന്ന് ചുരുക്കിവിവരിക്കുക. | 1 | U | 6 |

| | | | | |
|---|---|---|---|---|
| 12 | കരിമ്പുലി എന്ന ചെറുകഥ നിങ്ങൾക്ക് പരിചിതമാണല്ലോ. അടുത്ത വർഷത്തെ നമ്മുടെ കോളേജ് മാഗസിനിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ജി. ആർ. ഇന്ദുഗോപനുമായി ഒരു അഭിമുഖം തയാറാക്കാൻ ആവശ്യപ്പെട്ടാൽ എന്തൊക്കെ ചോദ്യങ്ങളാവും നിങ്ങൾ ചോദിക്കുക? മലയാള ചെറുകഥയുടെ സമകാലപ്രവണതകൾ, ഭാഷാപരമായ സവിശേഷതകൾ, ഭാവുകത്വമാറ്റങ്ങൾ, പ്രമേയപരമായ പ്രത്യേകതകൾ, എഴുത്തുകാരന്റെ സർഗാത്മകജീവിതം എന്നിവയെ ആസ്പദമാക്കി 6 ചോദ്യങ്ങളാണ് തയാറാക്കേണ്ടത്. (ഇന്ദുഗോപന്റെ ലഘുജീവരേഖ ചുവടെ ചേർക്കുന്നു.)ജി. ആർ. ഇന്ദുഗോപൻ 1974 ഏപ്രിൽ 19-ന് കൊല്ലം ഇരവിപുരം വാളത്തുംഗലിൽ ജനനം. ദീർഘകാലം പത്രപ്രവർത്തകനായിരുന്നു. ശ്രദ്ധേയനായ ജീവചരിത്ര രചയിതാവ്. ഗദ്യത്തിന്റെ വിവിധ ശാഖകളിലായി മുപ്പതിലേറെ പുസ്തകങ്ങൾ. | 2 | Ap | 6 |
| 13 | "അങ്ങനെ നീളും കഥകളിലൂടെ കടന്നു പടർന്നൊരിരുട്ടിൽ നടക്കവെ,-യതിരില്ലാത്തൊരു സർപ്പക്കാടായ് തോന്നിയെന്നിക്കെൻ നാടും വീടും"- സർപ്പക്കാവും അതിനെ ചുറ്റിപ്പറ്റിയുള്ള അന്ധവിശ്വാസങ്ങളും ഒരു കുട്ടിയുടെ മനസ്സിൽ ആഴത്തിൽ ഉറയ്ക്കുന്നതിന്റെ സൂചനയും അതിനെത്തുടർന്ന് അയാളിലുണ്ടാവുന്ന സന്ദേഹങ്ങളും കൗതുകങ്ങളും കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയാണ് ? | 3 | U | 6 |
| 14 | കൂവാഗം നാടകത്തിലെ മുജീബ് താനൊരു സ്ത്രീയാണെന്ന് സ്വയം തിരിച്ചറിയുമ്പോൾ 'മോഹിനി' എന്ന പേരിനു പകരം മറ്റൊരു പേരായിരുന്നു തിരഞ്ഞെടുത്തിരുന്നതെങ്കിൽ അത് നാടകത്തിന്റെ കഥാഗതിയെ ബാധിക്കുമായിരുന്നോ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. | 4 | An | 6 |

| | | | | |
|---|---|---|---|---|
| 15 | 'ബിഗ് ഡാറ്റയുടെ' ഈ കാലത്ത്, ലഭ്യമായ വിവരങ്ങളിലെ വസ്തുതകൾ വേണ്ടവിധത്തിൽ പരീക്ഷിച്ചു ബോധ്യപ്പെടാതിരിക്കുന്നത് തെറ്റായ ധാരണകളും അന്ധവിശ്വാസങ്ങളും പെരുകുന്നതിന് കാരണമാകും. 'തട്ടുമ്പൊറത്തപ്പൻ' എന്ന സിനിമയുടെ പ്രമേയവുമായിച്ചേർത്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. | 4 | An | 6 |

**PART C**

**ഏതെങ്കിലും ഒരു ചോദ്യത്തിന് മുന്ന് പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക്**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 16 | നിങ്ങളുടെ ജീവിതത്തിലെ സവിശേഷമായ ഒരു അനുഭവത്തെ/ അനുഭവങ്ങളെ ആധാരമാക്കി മൂന്നുപുറത്തിൽ കവിയാത്ത ഒരു കുറിപ്പ് തയ്യാറാക്കുക. ( വ്യക്ത്യാനുഭവങ്ങൾ, തോന്നലുകൾ, യാത്ര, സ്വപ്നം, സാമൂഹികാനുഭവങ്ങൾ, നിലപാടുകൾ മുതലായ ഏത് അംശത്തെയും ആസ്പദമാക്കി രചന നിർവഹിക്കാവുന്നതാണ്; രചനയിലെ ആഖ്യാതാവ് നിങ്ങൾതന്നെയായിരിക്കണം എന്നുമാത്രം). | 1 | Ap | 10 |
| 17 | ഉറൂബിന്റെ 'മിണ്ടാപ്പെണ്ണ്' എന്ന നോവലിന് ഒരു ആസ്വാദനം തയ്യാറാക്കുക. | 2 | U | 10 |

(66)

1B1N25230 (Pages : 2) Reg. No:.............................

Name: ..............................

FARook COLLEGE (AUTONOMOUS), KOZHIKODE

First Semester BCOM Degree Examination, November 2025

MAL1FA102(3) - മലയാള സാഹിത്യ വിചാരം

(FYUGP 2024 Admission onwards )

Time: 1 ½ hours Max. Marks : 50

**Course Outcome Mapping Scheme**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| C03 | C01 | C05 | C02 | C02 | C02 | C06 | C06 | C04 | C04 |
| **11** | **12** | **13** | **14** | **15** | **16** | **17** | | | |
| C01 | C01 | C06 | C05 | C06 | C04 | C02 | | | |

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതാം.
2 മാർക്ക് വീതം (പരമാവധി മാർക്ക് 16)

1. വയലാർ, പി. ഭാസ്കരൻ എന്നിവരിൽ നിന്നും ഒ.എൻ.വി. കുറുപ്പ് വേറിട്ടുനിൽക്കുന്നതെങ്ങനെ?
2. കാൽനടയായിപ്പോകുന്ന ഒളിപ്പോരാളികളെ കണ്ടുപിടിക്കാൻ അമേരിക്ക ഉപയോഗിച്ച സെൻസറുകളെ വിയറ്റ്നാമികൾ പ്രതിരോധിച്ചതെങ്ങനെ?
3. കാരക്കാട് വിവിധോദ്ദേശ്യ ഐക്യനാണയ സംഘത്തിന്റെ രൂപീകരണലക്ഷ്യമെന്ത്?
4. കേശവൻ നായർ എന്ത് ദുഷ്പേര് ഭയന്നിട്ടാണ് മുറിയിൽ കയറി ഒളിച്ചിരുന്നത് ?
5. സത്യൻ ആദ്യമായി നൂറിനെ കാണാനിടയായ സാഹചര്യമെന്ത്?
6. വൈക്കം മുഹമ്മദ് ബഷീറിന്റെ നാലു നോവലുകളുടെ പേരെഴുതുക.
7. "വാമുറുക്കേണമെൻ പൈതലേ നീയിപ്പോൾ<br>ചാകുന്നതുണ്ടു ഞാനല്ലയായ്കിൽ"<br>- യശോദ ഇങ്ങനെ ആവശ്യപ്പെട്ടതെപ്പോൾ?
8. "മാതൃഭാവമേ തിരക്കുന്നു നിത്യവും ഭവാൻ<br>നാരുനാരായെൻ കരൾ നരയ്ക്കാതെന്തേ പിന്നെ"<br>- വ്യാഖ്യാനിക്കുക.
9. "മീനുകൾ മുത്തം വെയ്ക്കുന്ന മറ്റൊരു മുഖം കൂടി ഞാൻ കണ്ടു" അരയത്തിയുടെ സ്വപ്നത്തിലെ മുഖം ആരുടേതായിരുന്നു?
10. 'അന്നയും റസൂലും' എന്ന സിനിമയ്ക്ക് തിരക്കഥ, സംവിധാനം എന്നിവ നിർവ്വഹിച്ചതാരെല്ലാമാണ്?

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതാം. 6 മാർക്ക് വീതം (പരമാവധി മാർക്ക് 24)

11. "എല്ലാ ലജ്ജകളെയും ശമിപ്പിക്കുന്നതായിരുന്നു വിശപ്പിന്റെ കാളൽ" എം. കുഞ്ഞാമന്റെ കുട്ടിക്കാലത്തെ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.

12. കേരളത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ സ്ഥാപകനായ വാഗ്ഭടാനന്ദനുമായി നിങ്ങൾ നടത്തുന്ന അഭിമുഖത്തിനു വേണ്ടി ചോദ്യാവലി തയ്യാറാക്കുക. (6 എണ്ണം)

13. "പുഞ്ചക്കണ്ടമാ, സത്യമൊള്ളതാ, ഓർത്തോളണം", "അതു പുഞ്ചക്കണ്ടത്തിൽ ചെയ്തു കൂടാത്തതാണ്", "ജന്മിയുടെ കണ്ണീര് വീണാല് നെലം പെഴയ്ക്കും" - ഈ വാക്കുകളിൽ തെളിയുന്ന കേശവൻ നായരുടെ ജീവിതദർശനം വിശദമാക്കുക.

14. "ഓർത്തു നടക്കണ, മേറെച്ചിത്രം
ഓട്ടപ്പെടുമെന്നവർ പറഞ്ഞു

- ഈ വരികളിൽ തെളിയുന്ന സമകാല സ്ത്രീയവസ്ഥകൾ വിവാഹസമ്മാനം എന്ന കവിതയെ അടിസ്ഥാനമാക്കി വിശദമാക്കുക.

15. സംഘട്ടനത്തിലേർപ്പെട്ട രണ്ടു വ്യക്തികളെ നാടൻമട്ടിൽ അവതരിപ്പിക്കുന്ന സിനിമാഗാനമാണ് "ലോല ലോല". പരിശോധിക്കുക.

ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (10 മാർക്ക്)

16. മതം മനുഷ്യരിൽ തീർത്ത ആന്തരികസംഘർഷങ്ങൾ അടയാളപ്പെടുത്തുന്ന സിനിമയാണ് 'അന്നയും റസൂലും'. - വിമർശനാത്മകമായി വിശകലനം ചെയ്യുക.

17. യാഥാസ്ഥിതികതയിൽനിന്നും ആധുനികതയിലേക്കുള്ള മുസ്ലിംസമുദായത്തിന്റെ മാറ്റമാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിലെ പ്രമേയം - ചർച്ച ചെയ്യുക.

67

1B1N25231 (Pages : 4) Reg. No:............................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2025**

**MAL1CJ101 - മലയാള കവിതാപരിചയം**

(FYUGP 2024 Admission onwards )

Time: 2 hours Max. Marks : 70

**PART – A**

All questions can be attended.

Each question carries **Three** mark.

**Ceiling -24 Marks**

| | | COs | Knowledge Level (KL) | Marks |
|---|---|---|---|---|
| 1 | കുമാരനാശന്റെ *കരുണ* എന്ന കവിതയുടെ തലക്കെട്ടും അതിന്റെ ഇതിവൃത്തവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ? | CO2 | Understand | 3 |
| 2 | തന്റെ നേരെ പാഞ്ഞുവന്ന കാളിയനെ കൃഷ്ണൻ നേരിട്ടത് എങ്ങനെയാണ്? | CO2 | Understand | 3 |
| 3 | "ആരാലരങ്ങു മുഷിപ്പിച്ചു കഷ്ടമി-ങ്ങാരുമെടുക്കാത്ത വേഷമെടുത്തു ഞാൻ!" - ആര്? സന്ദർഭമേത്? | CO3 | Understand | 3 |
| 4 | "കൃഷ്ണപ്പാട്ടിലെ രാസക്രീഡ വായിച്ചുതീർന്നപ്പോൾ, താദൃശമായ മറ്റൊരു രംഗം, ദുഃഖപര്യവസായിയായേ പറ്റൂവെന്ന് തോന്നി. അതിൻറെ ഫലമാണീ കവിത." കവിതയേത്, ഇതി വൃത്തമെന്ത്? | CO2 | Understand | 3 |
| 5 | ആ മുണ്ട് അസാധാരണമാംവിധം വെളുത്ത് ഒരു നാഗരികനെപ്പോലെ സുന്ദരനായിരുന്നു. - ആന്തരാർത്ഥമെന്ത്? | CO3 | Analyse | 3 |

| | | | | |
|---|---|---|---|---|
| 6 | ഒന്നും ചെയ്യാനാവാതെ, വെറും ഒരു കാഴ്ചക്കാരനായി മാറേണ്ടി വരുന്ന ഒരു സാധാരണക്കാരന്റെ കുറ്റബോധമാണ് *മാപ്പുസാക്ഷി* എന്ന കവിതയിൽ തെളിയുന്നത് - ശരിയോ? എന്തുകൊണ്ട്? | CO3 | Analyse | 3 |
| 7 | "അവർ നിന്നെ ചതുരങ്ങളിലും വൃത്തങ്ങളിലും പൂട്ടിയിട്ടു." - വിവക്ഷിതാർത്ഥമെന്ത്? | CO4 | Evaluate | 3 |
| 8 | "ആ നായ അവനാണെങ്കിൽ കൂടിയും" - അമ്മയ്ക്കുളിലെ കരുണയുടെ ദീപം കെട്ടിട്ടില്ല എന്നതിനുദാഹരണമാണ് ഈ വരികൾ - സമർത്ഥിക്കുക | CO5 | Evaluate | 3 |
| 9 | കാല്പനിക കവിതകളുടെ പ്രധാന ലക്ഷണങ്ങളെന്തെല്ലാം? | CO4 | Remember | 3 |
| 10 | *പെണ്ണപ്പൻ* എന്ന കവിതയിൽ ചർച്ച ചെയ്യുന്ന സാമൂഹ്യവിഷയമെന്ത്? | C05 | Evaluate | 3 |

**PART - B**

All questions can be attended.

Each question carries six marks.

**Ceiling -36 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | "അർത്ഥഭാണ്ഡങ്ങൾ തൻ കനം കുറഞ്ഞു<br>പോകുന്നു, തോഴീ<br>യിത്തനുകാന്തി തൻ വിലയിടിഞ്ഞീടുന്നു" - ഈ വരികളിൽ പ്രതിഫലിക്കുന്ന തത്വവിചാരമെന്ത്? | C03 | Analyse | 6 |

| | | | | |
|---|---|---|---|---|
| 12 | "കുങ്കുമം ചാർത്തിച്ചു കാളിയൻ കാളിന്ദിയെ!<br>- എങ്ങനെ? പൊരുളെന്ത്? | CO3 | Evaluate | 6 |
| 13 | ചങ്ങമ്പുഴയുടെ കവിതകളിലെ<br>നിരാശാഭാവം *ആത്മരഹസ്യം* എന്ന<br>കവിതയുടെ പശ്ചാത്തലത്തിൽ<br>വിശദീകരിക്കുക | C02 | Evaluate | 6 |
| 14 | "കൃഷ്ണ, മുന്നേപ്പോലെ നീയീ<br>ക്കാളിന്ദീതട വിടപത്തിൽ<br>പ്രഭാതകിരണപ്പൂക്കൾ വിരിച്ചൊരു<br>കൊമ്പിലിരുന്നിക്കുളിർ കാറ്റിൽ<br>ഭ്രൂകുടിതാള ലയാന്വിതമാമൊരു<br>ഗാനം പാടുക വേണുവിൽ" - സന്ദർഭവും<br>സരസ്യവും വിവരിക്കുക | C04 | Evaluate | 6 |
| 15 | പ്രണയം, വിരഹം, ഭക്തി എന്നീ ഭാവങ്ങൾ<br>സുഗതകുമാരിയുടെ *കൃഷ്ണ, നീയെന്നെ*<br>*അറിയില്ല* എന്ന കവിതയിൽ<br>പ്രതിഫലിക്കുന്നതെങ്ങനെ? | CO3 | Evaluate | 6 |
| 16 | വൈയക്തികത പ്രാപഞ്ചികബോധമായി<br>വികാസം പ്രാപിക്കുന്നതിന് ഉദാഹരണമാണ്<br>*അക്കമൊഴിയുന്നു* എന്ന കവിത. ശരിയോ?<br>അപഗ്രഥിക്കുക. | CO5 | Analyse | 6 |
| 17 | പ്രസിദ്ധമായ ഒരു ഐതീഹ്യകഥയിൽ<br>നടത്തിയ ആഖ്യാനപരമായ പുതുമ<br>എന്നതിനപ്പുറം *തച്ചന്റെ മകൾ* എന്ന കവിത<br>മുന്നോട്ടുവെയ്ക്കുന്ന സ്ത്രീപക്ഷ<br>സമീപനത്തിന്റെ പ്രധാന്യമെന്ത്? | CO5 | Apply | 6 |

| | | | | |
|---|---|---|---|---|
| 18 | ഈ വെറും നീർത്തുള്ളിയാൽ<br>ദീനയാം ഉക്രെയ്നിന്റെ<br>തീ കെടാൻ അതിതീവ്ര;<br>മായിഞ്ഞാനിച്ഛിക്കുന്നു - വിശദമാക്കുക. | CO4 | Apply | 6 |

PART - C

Answer any *one* questions.

Each question carries Ten marks.

| | | COs | Knowledge Level (KL) | Marks |
|---|---|---|---|---|
| 19 | മനുഷ്യന്റെ കർമശക്തിയിലും ഭാവിയിലും ദൃഢവിശ്വാസമുള്ള കവിയാണ് താനെന്ന് വൈലോപ്പിള്ളി ശ്രീധരമേനോൻ *മലതുരക്കൽ* എന്ന കവിതയിലൂടെ ഉറപ്പിക്കുകയാണ്" - ശരിയോ? സമർത്ഥിക്കുക | CO4 | Create | 10 |
| 20 | ആധുനിക, ആധുനികാനന്തര മലയാളകവിതകളിൽ സാമൂഹ്യവിമർശനം ചർച്ചചെയ്യുന്നതെങ്ങനെയെന്ന് *മുണ്ട്, മലയാള കവിതയ്ക്ക് ഒരു കത്ത്*, എന്റെ *ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ, ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത്, പെണ്ണപ്പൻ* എന്നീ കവിതകളെ മുൻനിർത്തി പരിശോധിക്കുക. | CO5 | Evaluate | 10 |

1 x 10 = 10 Marks

68

1B1N25232 (Pages : 3) Reg. No:…………………......

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2025**

**MAL1MN103 - ജെൻഡർ പഠനങ്ങൾ**

(FYUGP 2024 Admission onwards )

Time: 2 hours Max. Marks : 70

**PART – A**

All questions can be attended.

Each question carries **Three** mark.

**Ceiling -24 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 1 | സെക്സും ജെൻഡറും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? വിശദമാക്കുക. | CO 1 | U | 3 |
| 2 | ട്രാൻസ്ജെൻഡർ, ഇന്റർസെക്സ് എന്നിവ തമ്മിലുള്ള വ്യസ്താസങ്ങൾ അടയാളപ്പെടുത്തുക. | CO 1 | An | 3 |
| 3 | ഹിംസയുടെ ഒരുതരം സൗന്ദര്യവത്കൃതരൂപമാണ് സ്പോർട്സ് എന്ന നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. | CO 2 | U | 3 |
| 4 | ന്യൂ ജനറേഷൻ സിനിമയിലെ ആണധികാരത്തിന്റെ സവിശേഷതകൾ അടയാളപ്പെടുത്തുക. | CO 2 | An | 3 |
| 5 | ഉടൽരാഷ്ട്രീയത്തെക്കുറിച്ച് നിവേദിത മേനോൻ അവതരിപ്പിക്കുന്ന ആശയങ്ങൾ വിശകലനം ചെയ്യുക. | CO 3 | U | 3 |
| 6 | 'ഓർക്കുന്തോറും രക്തംകിനിയുന്ന മുറിവാണത്' എന്ന അഷിതയുടെ പ്രസ്താവനയുടെ വ്യാപ്തി വിശകലനംചെയ്യുക. | CO 3 | U | 3 |
| 7 | 'ഛേദാംശജീവിത'എന്ന ശീർഷകത്തിന്റെ സാംഗത്യം പരിശോധിക്കുക. | CO 4 | An | 3 |
| 8 | മലയാള സാഹിത്യചരിത്രത്തിൽ 'അക്ഷരങ്ങളുടെ സ്റ്റോൺവാൾ കലാപം' എന്ന പഠനത്തിന്റെ പ്രസക്തിയെന്താണ്? | CO 4 | U | 3 |
| 9 | ശരീരമാണ് ലിംഗപദവി നിർണ്ണയിക്കുന്നത് എന്ന വാദത്തോടുള്ള നിങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുക. | CO 1 | U | 3 |

| | | | | |
|---|---|---|---|---|
| 10 | എന്താണ് ക്വീർ സാഹിത്യം? മലയാളത്തിലെ ക്വീർ രചനകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക. | CO 4 | U | 3 |

**PART – B**

All questions can be attended.
Each question carries six marks.
**Ceiling -36 Marks**

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 11 | ലിംഗപദവി ഒരു സാമൂഹിക നിർമ്മിതിയാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക. | CO 1 | U | 6 |
| 12 | സമൂഹം നമ്മുടെ ശരീരബോധ്യങ്ങളെ രൂപപ്പെടുത്തുകയും ശരീരത്തെ നിയന്ത്രിക്കുകയും ചെയ്യുന്നുണ്ടോ? സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക. | CO 1 | Ap | 6 |
| 13 | ആണത്തവും ഹിംസയും തമ്മിലുള്ള ബന്ധത്തെ പിയറി ബോർദ്യു നിരീക്ഷിക്കുന്നത് എങ്ങനെയാണ് ? നിങ്ങൾ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളോട് യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക. | CO 2 | An | 6 |
| 14 | ലൈംഗികതയെകുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളേക്കാൾ മനുഷ്യരുടെ ചോദനയാണ് ശരിയെന്നും അത് തിരഞ്ഞെടുക്കാനുള്ള അവകാശം ഒരോരുത്തർക്കുമുണ്ടെന്നും ഓർമപ്പെടുത്തുന്ന സിനിമയാണ് ' കാതൽ ദി കോർ' എന്ന പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക. | CO 2 | An | 6 |
| 15 | ഫെമിനിസത്തിന്റെ വിവിധ ധാരകൾ പരിചയപ്പെടുത്തുക. | CO 3 | U | 6 |
| 16 | വേഷത്തിലും ഫാഷനിലും പുതിയകാലം മുമ്പോട്ടുവെക്കുന്ന ലിംഗാതീതമായ പ്രവണതകളുടെ രാഷ്ട്രീയം ചർച്ചചെയ്യുക. | CO 3 | An | 6 |
| 17 | ട്രാൻസ്ജെൻഡർ മനുഷ്യർ നിരന്തരമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വത്വസംഘർഷങ്ങളുടെ സർഗാത്മകമായ ആവിഷ്കാരമാണ് 'പിറവി'. വിജയരാജമല്ലികയുടെ 'പിറവി'യെന്ന കവിത അടിസ്ഥാനമാക്കി വിലയിരുത്തുക. | CO 4 | An | 6 |

| | | | | |
|---|---|---|---|---|
| 18 | ലൈംഗികസ്വത്വത്തിന്റെ സ്വയംനിർണയാവകാശവും ലിംഗപദവിയുമായി ബന്ധപ്പെട്ട് 'ഛേദാംശജീവിതം' മുന്നോട്ടുവെക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക. | CO 4 | U | 6 |

**PART - C**

Answer any *one* questions.

Each question carries **Ten** marks.

| | | COs | Knowledge Level(KL) | Marks |
|---|---|---|---|---|
| 19 | 'മുഖ്യധാരാ മലയാള സിനിമയും സാഹിത്യവും പലപ്പോഴും ആണത്തത്തിന്റെ ആഘോഷകേന്ദ്രമായി തീരുന്നു' എന്ന നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം ജെൻഡർ പഠനങ്ങളിൽ നിന്ന് ആർജിച്ചെടുത്ത ലിംഗ രാഷ്ട്രീയ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഉദാഹരണസഹിതം രേഖപ്പെടുത്തുക. | CO 4 | An | 10 |
| 20 | സമൂഹ്യക്ഷേമവകുപ്പിന്റെ സമഗ്ര ലൈംഗികതാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നിങ്ങളുടെ കോളേജിൽ ഒരു ജെൻഡർ ശില്പശാല നടത്താൻ തീരുമാനിക്കുന്നു. ഈ പരിപാടിയിൽ പ്രദർശിപ്പിക്കാനുദ്ദേശിക്കുന്ന പോസ്റ്ററുകൾക്കു വേണ്ടി ജെൻഡർ പഠനങ്ങളുടെ ഭാഗമായ ലിംഗം, ലൈംഗികത, ലിംഗസ്വത്വം, ലൈംഗികതന്മ, ഭിന്നലൈംഗികത, വിമതലൈംഗികത, ആണത്തം, സ്ത്രീവാദം, ലിംഗരാഷ്ട്രീയം തുടങ്ങിയ 'താക്കോൽ വാക്കുകൾ' പരിചയപ്പെടുത്തുന്ന ലഘു കുറിപ്പുകൾ തയ്യാറാക്കുക. | CO 1 | Ap | 10 |

**1 x 10 = 10 Marks**

1B1N25234 (Pages : 2) Reg. No:.......................69

Name: ...........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2025**

MAL1FM105 - **സർഗാത്മകതയും സാഹിത്യവും**

(FYUGP 2024 Admission onwards )

Time: 1 ½ hours Max. Marks : 50

**Course Outcome Mapping Scheme**

| Q.NO | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| COS | CO1 | CO3 | CO3 | CO3 | CO2 | CO3 | CO5 | CO3 | CO3 | CO3 |
| Q.NO | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| COS | CO3 | CO1 | CO1 | CO2 | CO3 | CO1 | CO3 | | | |

**SECTION A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം. (പരമാവധി 16 മാർക്ക്)**

1. എന്താണ് സാഹിത്യം - കുറിപ്പ് തയ്യാറാക്കുക .
2. ഒരു കഥ എഴുതിക്കഴിഞ്ഞപ്പോൾ മാത്രമേ എം. ടി കരഞ്ഞിട്ടുള്ളു . ഏതാണ് ആ കഥ ? കഥയിലെ പ്രധാന കഥാപാത്രമാര് ?
3. നെയ്ത്തുകാരൻ എന്ന സിനിമയുടെ സംവിധായകൻ, തിരക്കഥാകൃത്ത് എന്നിവരുടെ പേരെഴുതുക.
4. യേശുവും യൂദാസും. കഥാപാത്രങ്ങളായി വരുന്ന എം ടിയുടെ ചെറുകഥ ഏത്? അത് രചിക്കാനുള്ള സാഹചര്യമെന്തായിരുന്നു?
5. ഗുന്തർഗ്രാസിനെ കാണാൻ ശ്രമിച്ച എം ടിയുടെ അനുഭവമെന്തായിരുന്നു?
6. പൂതപ്പാട്ട് എന്ന കവിതയിൽ ഗദ്യവിവരണം ചേർക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു?
7. പെണ്ണും പുലിയും എന്ന കവിതക്കു രണ്ടു ക്ലൈമാക്സുകൾ ഉണ്ടാകുവാനുള്ള കാരണമെന്ത്?
8. "എന്റെ കഥകളിൽ അധികവും അങ്ങനെ ഉണ്ടായിട്ടുള്ളതാണെന്ന് തോന്നുന്നു" - എം ടി സൂചിപ്പിക്കുന്നതെന്ത്?
9. ലളിതാംബിക അന്തർജനം ആദ്യ കഥയെഴുതാനുണ്ടായ സാഹചര്യമെന്ത്?
10. "അവളുടെ പിറവി എന്റെ സംയമനത്തിലും നിയന്ത്രണത്തിലുമാണ്" - ആരാണ് പറയുന്നത്? എന്താണ് സൂചിതം?

**ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിന്നും ആറു മാർക്ക് വീതം. (പരമാവധി 24 മാർക്ക്)**

11. "നമ്മൾ ജീവിക്കാത്ത ജീവിതം മാത്രമല്ല, നമ്മൾ ജീവിച്ച ജീവിതം തന്നെ കെട്ടുകഥയായി തോന്നുന്ന അവസരങ്ങളുമുണ്ട് ജീവിതത്തിൽ." സാഹിത്യം വായനക്കാരൻ്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തുന്നതിന്റെ ഉദാഹരണമാണ് ഈ വാക്യം - വിശദമാക്കുക.
12. ഖസാക്കിന്റെ ഇതിഹാസത്തിലെ മൈമൂന എന്ന കഥാപാത്രത്തെക്കുറിച്ചും പാത്രനിർമിതിയെക്കുറിച്ചും കുറിപ്പെഴുതുക.
13. ലളിതാംബിക അന്തർജനത്തിന്റെ രചനകളിൽ പ്രകടമാകുന്ന ജീവിതദർശനത്തെക്കുറിച്ചു വിവരിക്കുക.
14. അവരെ വെറുതെ വിടുക. എന്ന ശ്രീജിത്ത് പെരുന്തച്ചന്റെ ലേഖനം സംഗ്രഹിക്കുക.
15. സ്വാനുഭവം സാഹിത്യരചനയായി പരിണമിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് 'മാമ്പഴം' എന്ന കവിത ഈ പ്രസ്താവന വിശകലനം ചെയ്യുക.

**ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 10 മാർക്ക്.**

16. ഓർമയും പരിസരവും ശബ്ദവിശേഷങ്ങളും കവിതാരചനക്ക് എങ്ങനെ പ്രേരകമായിത്തീരുന്നു? പൂതപ്പാട്ട് എന്ന കവിതയുടെ രചനാ പശ്ചാത്തലത്തെ മുൻനിർത്തി വിശദമാക്കുക.
17. ജീവിതത്തിലെ വൈകാരികത നിറഞ്ഞ നിമിഷങ്ങൾ സാഹിത്യ സൃഷ്ടിക്കു പ്രചോദനമായിത്തീരുന്നു എന്നു ബാലചന്ദ്രൻ ചുള്ളിക്കാട് ഭ്രൂണഹത്യ എന്ന കുറിപ്പിൽ പറയുന്നു - അദ്ദേഹത്തിന്റെ 'പിറക്കാത്ത മകന്' എന്ന കവിതയെ മുൻനിർത്തി ഈ പ്രസ്താവന വിലയിരുത്തുക.